കേരള സർക്കാർ

തലക്കാട് ഗ്രാമപഞ്ചായത്ത്

ജലബജറ്റ്

റിപ്പോർട്ട്

മാർച്ച് 2026

ഡോ. ടി.എൻ.സീമ (മുൻ എം.പി.)
കോർഡിനേറ്റർ

നവ കേരളം കർമപദ്ധതി
കേരള സർക്കാർ



സന്ദേശം

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മഴയുടെ ലഭ്യത കൂടുതലാണ്. ആഗോള താപനത്തിന്റെയും തൽഫലമായുള്ള കാലാവസ്ഥാ മാറ്റത്തിന്റെയും ഭാഗമായി കേരളത്തിൽ പല പ്രദേശത്തും പലപ്പോഴും അതിതീവ്ര മഴ ലഭ്യമാകുന്ന സാഹചര്യവുമുണ്ട്. എന്നാൽ വേനൽകാലത്ത് മിക്ക പ്രദേശങ്ങളിലും ആവശ്യത്തിനു ജലം ലഭ്യമാകുന്നുമില്ല എന്നതാണ് സ്ഥിതി. ഓരോ പ്രദേശത്തും മഴയിൽ നിന്നുൾപ്പെടെ ലഭിക്കുന്ന ജലത്തിന്റെ ലഭ്യതയും ജലാവശ്യകതയും കൃത്യമായി കണക്കാക്കി അതിനനുസൃതമായ ജലസംരക്ഷണ - ജലവിനിയോഗ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

മഴയുടെ തീവ്രത കുറഞ്ഞ കാലയളവുകളിൽ മറ്റു പ്രദേശങ്ങളിൽ പെയ്യുകിട്ടുന്ന ജലം ജലസംഭരണികളിലും ഉപരിതല ജല സ്രോതസ്സുകളിലും ഒക്കെ പരമാവധി സംഭരിക്കുകയും സാധ്യമായ സ്ഥലങ്ങളിൽ ഭൂജലമായി ശേഖരിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ വേനൽക്കാല ജല ക്ഷാമത്തിന് വലിയ അളവിൽ പരിഹാരം കാണാൻ കഴിയും. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്.

ഓരോ ചെറു പ്രദേശത്തും ഒരു ചെറുകാലയളവിൽ പെയ്യു കിട്ടുന്ന മഴയിൽ നിന്നുള്ളതുൾപ്പെടെയുള്ള ജല ലഭ്യതയും അവിടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട ജലത്തിന്റെയളവും താരതമ്യം ചെയ്ത്, ഓരോ സമയത്തും ജല മിച്ചമാണോ ജലക്കമ്മിയാണോ അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തുന്ന പ്രവർത്തനമാണ് ജല ബജറ്റിലൂടെ ചെയ്യുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ ജലബജറ്റ് നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ്. രാജ്യത്തിനാകെ മാതൃകയാക്കാൻ കഴിയുന്ന രീതിയിൽ നടക്കുന്ന ഈ പ്രവർത്തനത്തിൽ പങ്കാളിയായതിൽ തലക്കാട് ഗ്രാമപഞ്ചായത്ത് നേതൃത്വത്തെ അഭിനന്ദിക്കുന്നു. ഗ്രാമ പഞ്ചായത്തു മേഖലയിൽ തുടർന്നു നടക്കുന്ന ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകരമായ അടിസ്ഥാന ശാസ്ത്രീയ രേഖയായി ഈ ജല ബജറ്റ് മാറട്ടെയെന്നും കുടിവെള്ള ക്ഷാമമില്ലാത്തതും കൂടുതൽ സ്ഥലത്ത് എക്കാലവും കൃഷിചെയ്യാൻ കഴിയുന്നതുമായ ഒരു ജലസുരക്ഷാ പഞ്ചായത്തായി തലക്കാട് ഗ്രാമപഞ്ചായത്ത് മാറട്ടെയെന്നും ആശംസിക്കുന്നു.

ഡോ. ടി.എൻ. സീമ



അവതാരിക

വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്തിലാണ് നാം ജീവിക്കുന്നത് എന്നാൽ ഓരോ വേനൽ കാലത്തും ജലത്തിന്റെ ദൌർലഭ്യത അനുഭവപ്പെടാറുണ്ട്. വയലുകൾ നികത്തുന്നതും ജല സ്രോതസ്സുകൾ മലിന മായതും ജല ലഭ്യത കുറക്കാൻ കാരണമായിട്ടുണ്ട് മഴക്കാലത്ത് കൂടിയ അളവിൽ ജലം ലഭിക്കുന്നുണ്ടെങ്കിലും പെയ്തൊഴിയുമ്പോഴേക്കും കടലിൽ എത്തുന്നു.

16.3ചതുരശ്ര കിലോമീറ്ററിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ 65820 ഓളം ജനസംഖ്യയുംഉണ്ട്. ചില പ്രദേശങ്ങളിൽ വർദ്ധിച്ച കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടേയും MGNREGS പദ്ധതിയിലൂടെയും കുളങ്ങൾ, തോടുകൾ, കിണർ മഴവെള്ളം സംഭരിക്കുന്നതിന് കിണർ റീചാർജ്ജ്, സോക്ക് പിറ്റ് എന്നിവ നിർമ്മിക്കുകയും ചെയ്യുന്നു.

ജല ലഭ്യതയും വിനിയോഗവും അതിന്റെ ശാസ്തീയ പരിചരണത്തിനും, കരുതലിനും വേണ്ടിയുള്ള സംസ്ഥാനത്തെ ജല സംരക്ഷണ പ്രക്രിയയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഹരിത കേരളം മിഷൻ ഈ ആശയം ഏറ്റെടുക്കുകയും CWRDM ന്റെ സാമ്പത്തിക സഹായത്തോടുകൂടിയും നമ്മുടെ പഞ്ചായത്തിലെ വിവിധ വകുപ്പുകളുടെയും, വ്യാപാര ശാലകൾ, വിവിധ സ്ഥാപനങ്ങൾ, കൃഷി, ജലസേചനം, കുടിവെള്ളം, കന്നുകാലി പരിചരണം എന്നിവയ്ക്ക് ജലവുമായി ബന്ധപ്പെട്ടപ്രവർത്തനങ്ങളിൽ ഇതൊരു ആധികാരിക രേഖയായിരിക്കും.

നല്ലൊരു നാളെയ്ക്ക് വേണ്ടി ഈ മഹത്തായ പ്രവർത്തനത്തിന് സഹകരിച്ച എല്ലാവർക്കും നന്ദിയും കടപാടും അറിയിക്കുന്നു.

മുബാറക്
പ്രസിഡന്റ്
തലക്കാട് ഗ്രാമപഞ്ചായത്ത്

സംഗ്രഹം

തലക്കാട് ഗ്രാമ പഞ്ചായത്തിൽ ഒരു വർഷം പെയ്ത് കിട്ടുന്ന മഴയുടെ അളവ് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ആകെ ജല ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണ്. എന്നാൽ എല്ലാകാലത്തും തുല്യ അളവിലല്ല മഴ ലഭിക്കുന്നത് എന്നതിനാൽ എല്ലാ കാലത്തും ജല ലഭ്യത ഉറപ്പാക്കാനാകാതെ പോകുന്നു. മഴ ധാരാളം ലഭിക്കുന്ന സമയത്ത് അനുയോജ്യ മാർഗ്ഗങ്ങളിലൂടെ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഇതിനെ മറികടക്കാൻ കഴിയും. കാർഷികാവശ്യങ്ങൾക്ക് ചില പ്രദേശങ്ങളിൽ എല്ലാ കാലവും ജലം ലഭ്യമാകണമെങ്കിൽ ജലസേചന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചില ഇടപെടലുകൾ കൂടി ആവശ്യമാണ്. ഇത്തരത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്ന ഒരു പ്രദേശമായി തലക്കാട് പഞ്ചായത്തിനെ മാറ്റാനുള്ള ഒരു ഉൾക്കാഴ്ച ലഭിക്കാൻ ഈ ജലബജറ്റ് സഹായകരമായിട്ടുണ്ട്. ഈ ജലബജറ്റിന്റെ അടിസ്ഥാനത്തിൽ ജല സുരക്ഷയിലേയ്ക്ക് നീങ്ങണമെങ്കിൽ സാമ്പത്തിക, സാങ്കേതിക പിന്തുണ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്.

ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗത്തിന്റെ പരപ്പനങ്ങാടി വർഷമാപിനിയിൽ നിന്നുള്ള മഴ ലഭ്യതാ വിവരങ്ങളാണ് ഈ ജലബജറ്റിനായി പരിഗണിച്ചിട്ടുള്ളത്.(കൂടാതെ കേരളാവാട്ടർഅതോറിറ്റിയുടെപദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന ജലത്തിന്റെ അളവും പരിഗണിച്ചിട്ടുണ്ട്) മഴയിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ 50% മാത്രമാണ് ആകെ ജല ലഭ്യതയായി പരിഗണിച്ചിട്ടുള്ളത്.ഡിസംബർ ആദ്യ പത്തുദിവസംമുതൽ മെയ് രണ്ടാമത്തെ പത്ത് ദിവസം വരെ ജല കമ്മിയും ബാക്കി ദിവസങ്ങളിൽ ജല മിച്ചവുമാണ് ജല ബജറ്റിൽ പ്രതിഫലിക്കുന്നത്. എന്നാൽ ഒരു വർഷത്തെ ആകെ ജല ലഭ്യത 15.73349308 ദശലക്ഷം ഘനമീറ്ററും ആകെ ജല ആവശ്യം 8.160881916 ദശലക്ഷം ഘനമീറ്ററും ജല മിച്ചം 7.572611 ദശലക്ഷം ഘനമീറ്ററും ആണെന്ന് ഈ ജല ബജറ്റ് ബോധ്യപ്പെടുത്തുന്നു. കാർഷിക മേഖലയിലാണ് കൂടുതൽ ജലത്തിന് ആവശ്യമുള്ളതായി കാണുന്നത്. ഡിസംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ ജല വിനിയോഗത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്നും ജല ബജറ്റിലൂടെ വ്യക്തമാകുന്നുണ്ട്.

- കൃത്യമായ ജലസംരക്ഷണ - ജല വിനിയോഗ പ്രവർത്തനങ്ങളിലൂടെ തലക്കാട് ഗ്രാമ പഞ്ചായത്തിന് ജല സുരക്ഷാ പഞ്ചായത്തായി മാറാൻ കഴിയും.
- ഡിസംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ കൂടി കൃഷി നടത്താനും തരിശുഭൂമിയിൽ കൂടി കൃഷി വ്യാപിപ്പിക്കാനും അധിക ജലസേചന സൗകര്യങ്ങൾ നടത്തേണ്ടതുണ്ട്.
- കൂടുതൽ ജലം ഉപയോഗിക്കുന്ന ഗാർഹിക, വ്യാവസായിക, കാർഷികമേഖലകളിൽ ജല മിതോപയോഗത്തിനാവശ്യമായ ഇടപെടൽ വേണം.
- സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, മലിന ജലത്തിന്റെ പുനഃചംക്രമണം എന്നിവയുടെ ആവശ്യകത തലക്കാട് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

ഉള്ളടക്കം

ആമുഖം.....07
1. പൊതുവിവരങ്ങൾ 08
1.1 ജനപ്രകൃതി 09
1.2 ഭൂപ്രകൃതി 10
1.3 കാലാവസ്ഥ 10
1.4 പ്രദേശത്തിൻറെ പ്രത്യേകതകൾ 11
1.5 മൺതരങ്ങൾ 11
1.6 നീർത്തട വിവരങ്ങൾ 12
1.7 ജല സ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ 15
1.7.1 നീർച്ചാലുകൾ 15
1.7.2 കുളങ്ങൾ 16
1.7.3 കിണറുകൾ 18
1.8 വിവിധമാപ്പുകൾ 19
2.രീതിശാസ്ത്രം.....25
2.1. സാങ്കേതികസമിതി..... 25
2.1.1. യോഗങ്ങൾ..... 25
2.2. വിവരവിശകലനവുംഉപയോഗപ്പെടുത്തലും..... 26
2..3. ജലതുല്യതാ (Water Balance) പഠനം..... 26
2.4. ജലലഭ്യത..... 26
2.4.1. മഴലഭ്യത..... 26
2.4.2 ഉപരിതലജലലഭ്യത..... 27
2.4.3 ഭൂജലജലലഭ്യതകണക്കാക്കൽ..... 28
2.4.4 ഗ്രാമപഞ്ചായത്തിന്അകത്തേയ്ക്കും
പുറത്തേയക്കുമുള്ളജലവിതരണം..... 28
2.4.5 ആദ്യത്തെ 10 ദിവസംലഭ്യമായആകെജലം..... 28
2.5 ജലആവശ്യം..... 29
2.5.1 ഗാർഹികആവശ്യം..... 29
2.5.2 കാർഷികജലആവശ്യകത..... 29
2.5.3 വ്യവസായ, വാണിജ്യസ്ഥാപനങ്ങളിലെജലആവശ്യകത..... 31
2.5.4 വിനോദസഞ്ചാരമേഖലയിലെജലആവശ്യകത..... 31
2.5.5 ആകെജലആവശ്യം..... 31
2.6 ജലബജറ്റ്..... 32

2.7 തുടർപ്രവർത്തനങ്ങൾ..... 32

3. ജല ബജറ്റ് 33
3.1 പൊതുവിവരങ്ങൾ 33
3.2 ജലലഭ്യതാവിവരങ്ങൾ..... 34
3.2.1 മഴയുടെ വിവരങ്ങൾ 34
3.2.2 ഗ്രാമപഞ്ചായത്തിന് അകത്തേക്കും
പുറത്തേയ്ക്കുമുള്ള ജല വിതരണം..... 36
3.2.3 ആകെജലലഭ്യത..... 39
3.3ജല ആവശ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ 41
3.3.1 ഗാർഹികം..... 41
3.3.2 വാണിജ്യാവശ്യങ്ങൾ 41
3.3.3 കൃഷി ആവശ്യങ്ങൾ 42
3.3.4 മൃഗ സംരക്ഷണം 43
3.3.5 വ്യവസായ ആവശ്യങ്ങൾ 44
3.3.6 പൊതുസ്ഥാപനം 44
3.3.7 സ്വകാര്യസ്ഥാപനം..... 45
4. തുടർ പ്രവർത്തനങ്ങൾ 51
5. അനുബന്ധം 53

ആമുഖം


ജല ബജറ്റ് തയ്യാറാക്കുന്നതിന് ജലലഭ്യതയും ജല ഉപയോഗവും സംബന്ധിച്ച് കൃത്യമായ വിവരശേഖരണം അനിവാര്യമാണ്. ജലലഭ്യത, കേരളത്തെ സംബന്ധിച്ചിടത്തോളം മഴ, ഉപരിതല ജലം, ഭൂജലം എന്നീ പ്രധാന സ്രോതസ്സുകളെ ആശ്രയിച്ചാണ് കണക്കാക്കുക. കൃഷി, മൃഗസംരക്ഷണം, കുടിവെള്ളം, വ്യവസായം, ടൂറിസം തുടങ്ങി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് നിരവധി ആവശ്യങ്ങൾക്ക് ജലം ഉപയോഗിക്കുന്നുണ്ട്. ജലലഭ്യതയും ഉപയോഗവും താരതമ്യം ചെയ്താൽ ഒരു പ്രദേശത്ത് ജലക്ഷാമമുണ്ടോ അധികജലം ലഭ്യമാണോ എന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയും. ജലലഭ്യതയിൽ കുറവുണ്ടെങ്കിൽ പ്രാദേശിക പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് ഏറ്റവും ഉചിതമായ ജലവിഭവ പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിലെ തലക്കാട് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സി.ഡബ്ല്യുആർ.ഡി.എം.ന്റെ സാങ്കേതിക സഹായത്തോടെയും വിവിധ വകുപ്പുകളുടെ പിന്തുണയോടെയും ജലബജറ്റ് തയ്യാറാക്കി, നിരവധി പഠനങ്ങൾക്കു ശേഷം സി.ഡബ്ല്യു.ആർ.ഡി.എം. തയ്യാറാക്കിയ മാർഗ്ഗരേഖയെ അടിസ്ഥാനപ്പെടുത്തിയാണ് വിവരശേഖരണവും തുടർപഠനങ്ങളും നടത്തിയത്, ഈ പ്രക്രിയയുടെ പൂർത്തീകരണത്തിലൂടെ പഞ്ചായത്തിലെ ജലവിഭവ മേഖലയിൽ വേണ്ട തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സൂചകങ്ങൾ മായിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ ജലവിഭവ പരിപാലനം നടത്തുന്നതിന് ഇതു സഹായകരമാണ്. വികസന ലക്ഷ്യങ്ങൾ: ജല ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഹ്രസ്വ-ദീർഘകാല ഇടപെടലുകൾ ആവിഷ്കരിക്കുക ഇപ്പോൾ സാധ്യമാണ്. ജലസ്രോതസ്സുകളുടെ പരിപാലനത്തിനും സുസ്ഥിരതക്കും സഹായകരമായ ഒരു ഭൂവിനിയോഗ രീതി അവലംബിക്കുക, ഭൂജലത്തിന്റെ ലഭ്യത വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ തീരുമാനിക്കുക, ഉപരിതല ജലസംഭരണത്തിനുള്ള അനുയോജ്യ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയിലൂടെയും കൃഷിയും ജലലഭ്യതയും യോജിച്ചു പോകാവുന്ന കൃഷി രീതികൾ അവലംബിക്കുന്നതിലൂടെയും പ്രദേശത്ത് ജലസുരക്ഷ ഉറപ്പാക്കുന്നതിനു കഴിയും. ജലസുരക്ഷയിലേക്ക് എത്തിച്ചേരുന്നതിനുള്ള ഘടകങ്ങൾ നിരവധിയുണ്ട്. എന്നാൽ ഇവ പരസ്പര പൂരകങ്ങളാണെന്ന് കാണാൻ കഴിയും. കൃഷി, ജലസേചനം, ടൂറിസം, വ്യവസായം, വിളപരിപാലനം ഭൂവിനിയോഗം, വനപരിപാലനം, കാലിത്തീറ്റ ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് മികച്ച ജലപരിപാലന പദ്ധതികൾ മറ്റു മേഖലകളിലും ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരും. ജലബഡ്ജറ്റ് തയ്യാറാക്കൽ തികച്ചും ശാസ്ത്രീയമായ ഒരു പ്രവർത്തനമാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് നടക്കേണ്ടത്. നമ്മുടെ ശാസ്ത്ര സമൂഹം അതിനു പിന്തുണ നൽകി, വിവരശേഖരണവും അപഗ്രഥനവും ശാസ്ത്രീയമാക്കുന്നതോടൊപ്പം ലളിതവും പ്രായോഗികവുമാകുന്നതിനു സഹായം നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രാദേശിക അറിവുകൾ ഉൾക്കൊള്ളുന്നതിന് ശാസ്ത്രലോകവും തയ്യാറാകുന്ന രീതിയിലാണ് ഈ പ്രക്രിയ വിഭാവനം ചെയ്തിട്ടുള്ളത്.

1. പൊതു വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	തലക്കാട് ഗ്രാമപഞ്ചായത്ത്
വിസ്തീർണം	16.30.കി. മീ
ബ്ലോക്ക്	തിരൂർ
താലൂക്ക്	തിരൂർ
വില്ലേജ്	തലക്കാട്
ജില്ല	മലപ്പുറം
അസംബ്ലിമണ്ഡലം	തിരൂർ
ആകെ വാർഡുകൾ	22
ജനസംഖ്യ	35820
പുരുഷൻ	16578
സ്ത്രീകൾ	19242
എസ്. സി	2499
എസ്. ടി	0
ജനസാന്ദ്രത (ചതുരശ്ര കി. മീ)	1628
സാക്ഷരതാ ശതമാനം	98.0%
അതിഥി തൊഴിലാളികൾ	720
അതിരുകൾ	
വടക്ക്	തിരൂർമുനിസിപ്പാലിറ്റി, ചെറിയമുണ്ടംഗ്രാമപഞ്ചായത്ത്,
കിഴക്ക്	തിരുന്നാവായ,വളവന്നൂർ ഗ്രാമ പഞ്ചായത്തുകൾ
തെക്ക്	തൃപ്പങ്ങോട്,മംഗലം ഗ്രാമപഞ്ചായത്ത്,
പടിഞ്ഞാറ്	തിരൂർ പൊന്നാനിപ്പുഴ

തലക്കാട് ഗ്രാമപഞ്ചായത്തിലെ ജലബജറ്റ്

ഹരിതകേരളം മിഷനിലൂടെ സംസ്ഥാന സർക്കാർ പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഈ മേഖലയിലെ എല്ലാ വകുപ്പുകൾക്കും ഏജൻസികൾക്കും തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം. ഇത്തരത്തിൽ തദ്ദേശ ഭരണ സ്ഥാപങ്ങൾക്ക് സാങ്കേതിക പദ്ധതികൾ, പ്രാദേശിക പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് തയ്യാറാക്കി നടപ്പിലാക്കുന്നതിനു കഴിയും. ജലബജറ്റ് തയ്യാറാക്കുന്നതിനായി ഇത്തരത്തിൽ ബന്ധപ്പെട്ട എല്ലാവരും ചേർന്നു പ്രവർത്തിക്കുന്ന രീതിയാണ് തലക്കാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്.



1.1 ജനപ്രകൃതി

തലക്കാട് ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 2023 ലെ വികസന രേഖ പ്രകാരം 35820 ആണ്. 16578 പുരുഷന്മാരും 19242സ്ത്രീകളും അതിഥി തൊഴിലാളികൾ 720 ഉം ഉൾപ്പെടുന്നു. ജന സാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1628 പേരാണ്. പുരുഷന്മാർ 90% സ്ത്രീകൾ 82% സാക്ഷരത കൈവരിച്ചിട്ടുണ്ട്.

1.2 ഭൂപ്രകൃതി

അതിരുകൾ	
വടക്ക്	തിരൂർ മുനിസിപ്പാലിറ്റി,ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്,
കിഴക്ക്	തിരുന്നാവായ,വളവന്നൂർ ഗ്രാമപഞ്ചായത്ത്
തെക്ക്	തൃപ്പങ്ങോട്,മംഗലം ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	തിരൂർ പൊന്നാനിപ്പുഴ

22 വാർഡുകളുള്ള തലക്കാട് പഞ്ചായത്ത് മലപ്പുറം ജില്ലയുടെ തീരദേശത്തോട് ചേർന്ന് 16.3 കി.മീ. വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഒരു ഗ്രാമമാണ്. കിഴക്ക് തിരുന്നാവായ, വളവന്നൂർ ഗ്രാമ പഞ്ചായത്തുകൾ, പടിഞ്ഞാറ് തിരൂർ പൊന്നാനിപ്പുഴ, വടക്ക് തിരൂർ മുനിസിപ്പാലിറ്റി, ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്, തെക്ക് തൃപ്രങ്ങോട്, മംഗലം ഗ്രാമപഞ്ചായത്ത്.

ഗ്രാമപഞ്ചായത്തിൻറെ കിഴക്കൻ മേഖല ഉയരം കൂടിയ പ്രദേശവും മധ്യമേഖലയും പടിഞ്ഞാറൻ മേഖലയും താഴ്ന്ന പ്രദേശങ്ങളുമാണ്. കൂടാതെ പടിഞ്ഞാറൻ മേഖല തീരദേശത്തോട് അടുത്തുകിടക്കുന്നു. കൃഷിഭൂമിയുടെ അളവ് കുറഞ്ഞുവരികയാണ്. വളരെ പരിമിതമായ ക്ഷേത്രക്കാവുകളും കുളങ്ങളും മാത്രമേ ഇന്ന് നിലവിലുള്ളൂ. ചിറകളും, കുളങ്ങളും, തോടുകളും പ്രധാന ജലസ്രോതസ്സുകളാണ്. സമതലപ്രദേശമായ ഈ ഗ്രാമം വടക്കൻ കേരളത്തിൻറെ കാലാവസ്ഥയോട് യോജിച്ചതാണ്.

1.3 കാലാവസ്ഥ

കാലവർഷവും, തുലാവർഷവും വേനൽ മഴയുമായി വർഷത്തിൽ ശരാശരി 120 ദിവസം മഴ ലഭിക്കുന്നു. മലപ്പുറം ജില്ലയിലെ കാലാവസ്ഥ തന്നെയാണ് തലക്കാട് പഞ്ചായത്തിൽ കാണപ്പെടുന്നത്. ജൂൺ മുതൽ സെപ്റ്റംബർ വരെ നീളുന്ന തെക്കു പടിഞ്ഞാറു കാല വർഷവും, ഒക്ടോബർ-നവംബർ വരെയുള്ള വടക്ക് കിഴക്ക് കാലവർഷവും ഡിസംബർ ഫെബ്രുവരി വരെയുള്ള തണുപ്പ് കാലാവസ്ഥയും, മാർച്ച് മുതൽ മെയ് വരെയുള്ള വേനൽ കാലവുമാണ് ഉള്ളത്. കൂടുതൽ മഴ തെക്ക് പടിഞ്ഞാറ് കാലവർഷത്തിൽ നിന്നും കിട്ടുന്നു.ശരാശരി താപനിലയിൽ 20 ഡിഗ്രി സെൽഷ്യസ് മുതൽ 39 ഡിഗ്രി സെൽഷ്യസ് വരെയുള്ള മാറ്റങ്ങൾ പ്രകടമാണ്.

1.4 പ്രദേശത്തിന്റെപ്രത്യേകതകൾ

മൺസൂൺ തുലാവർഷം കാലയളവിൽ യഥേഷ്ടം മഴയും വേനൽക്കാലങ്ങളിൽ നല്ലചൂടും അനുഭവപ്പെടുന്ന പ്രദേശമാണിത്. എന്നാൽ മഴവെള്ളം സിംഹഭാഗവും പെട്ടെന്നുതന്നെ അറബിക്കടലിൽ എത്തിച്ചേരുന്നു. ഇടവപ്പാതിയോടെ തുടങ്ങുന്ന വർഷക്കാലം തുലാം അവസാനം വരെ നിലനിൽക്കുന്നു. വേനൽക്കാലത്ത് ഇടമഴ കൃഷിക്കും കുടിവെള്ളത്തിനും അനുഗ്രഹമാണ്. ഈ പഞ്ചായത്തിൻറെ കിഴക്കൻ മേഖലയിൽ രൂക്ഷമായ ജലക്ഷാമവും പടിഞ്ഞാറൻ മേഖലയിൽ ശുദ്ധ ജലക്ഷാമവും നിലനിൽക്കുന്നു.


1.5 മൺതരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മേഖല ഉയരം കൂടിയ പ്രദേശവും മധ്യമേഖലയും പടിഞ്ഞാറൻ മേഖലയും താഴ്ന്ന പ്രദേശങ്ങളുമാണ്. കിഴക്കൻ മേഖലയിൽ വെട്ട്കല്ല്, ചരൽ കലർന്ന ചുവന്ന മണ്ണും കൂടാതെ പടിഞ്ഞാൻ മേഖല തീരദേശത്തോട് അടുത്തുകിടക്കുന്നു ഇവിടങ്ങളിൽ മണൽമണ്ണും കാണപ്പെടുന്നു. കൃഷിഭൂമിയുടെ അളവ് കുറഞ്ഞുവരികയാണ്. വളരെ പരിമിതമായ ക്ഷേത്രകാവുകളും കുളങ്ങളും മാത്രമേ ഇന്ന് നിലവിലുള്ളൂ. ചിറകളും, കുളങ്ങളും,തോടുകളും പ്രധാന ജലസ്രോതസ്സുകളാണ്. സമതലപ്രദേശമായ ഈ ഗ്രാമം വടക്കൻ കേരളത്തിൻറെ കാലാവസ്ഥയോട് യോജിച്ചതാണ്.

തലക്കാട് ഗ്രാമ പഞ്ചായത്തിലുള്ള മണ്ണ് സീരീസുകൾ താഴെ നൽകുന്നു.

- പെരുമണ്ണ
- ഇരിമ്പിളിയം
- തൃപ്പങ്ങോട്
- പൊൻമുണ്ടം

മാപ്പ് താഴെ കൊടുക്കുന്നു: -




1.6 നീർത്തട വിവരങ്ങൾ

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കേരളത്തിലെ 49 നദീതടങ്ങളിൽ വരുന്ന ചെറു നീർത്തടങ്ങളെ വേർതിരിക്കുകയും തെക്കേ അറ്റത്തുള്ള നെയ്യാർ നദിക്ക് 1 എന്നു തുടങ്ങി 44മത് നദിയായ മഞ്ചേശ്വരം പുഴക്ക് 44 എന്ന രീതിയിൽ കോഡിങ്ങും നൽകി നീർത്തടങ്ങളെ വേർത്തിരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം തലക്കാട് പഞ്ചായത്തിൽ 4 ചെറു നീർത്തടങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

1. **തലക്കാട്**
2. **കോട്ടത്തറ**
3. **കട്ടച്ചിറ**
4. **തെക്കൻ കുറ്റൂർ**

ക്രമ നമ്പർ	നീർത്തട നമ്പർ	നീർത്തടത്തിന്റെ പേര്	വിസ്തീർണ്ണം (ഹെക്ടർ)
1	21T17a	തലക്കാട്	293.97 ഹെക്ടർ
2	21T14a	കോട്ടത്തറ	409.36 ഹെക്ടർ
3	21T12Aa	കട്ടച്ചിറ	373.68 ഹെക്ടർ
4	21T11c	തെക്കൻ കുറ്റൂർ	443.58 ഹെക്ടർ

മാപ്പ് താഴെ കൊടുക്കുന്നു: -



1. തലക്കാട്

അതിരുകൾ

വടക്ക്: മാങ്ങാട്ടിരി ചെറുനീർത്തടം

തെക്ക്: തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

കിഴക്ക്: തിരൂർ-ചമ്രവട്ടം റോഡ്

പടിഞ്ഞാറ്: തിരൂർ പൊന്നാനി പുഴ

2.കോട്ടത്തറ

അതിരുകൾ

വടക്ക്: തിരൂർ മുനിസിപ്പാലിറ്റി

പടിഞ്ഞാറ്: തിരൂർ ചമ്രവട്ടം റോഡ്

കിഴക്ക്: കട്ടച്ചിറ പുഴ

തെക്ക്: തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്, തിരുന്നാവായ ഗ്രാമപഞ്ചായത്ത്

3.കട്ടച്ചിറ

അതിരുകൾ

വടക്ക്: ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

തെക്ക്: തിരുന്നാവായ പഞ്ചായത്ത്

പടിഞ്ഞാറ്: കട്ടച്ചിറ പുഴ

കിഴക്ക്: നീറ്റിക്കുളത്തിൻറെ തെക്ക് ഭാഗത്ത് തുടങ്ങി പഞ്ചായത്ത്

അതിർത്തിയിലൂടെ ഒഴുകുന്ന കട്ടച്ചിറ തോട് വരെ

4.തെക്കൻകുറ്റൂർ

അതിരുകൾ


വടക്ക്: ചെറിയ മുണ്ടം ഗ്രാമപഞ്ചായത്ത്

തെക്ക്: നീറ്റി കുളം തെക്ക് ഭാഗം

പടിഞ്ഞാറ്: റെയിൽവേ ലൈൻ, വെങ്ങാലൂർ റോഡ്

കിഴക്ക്: വളവന്നൂർ ഗ്രാമപഞ്ചായത്ത്

Watershed Map of Thalakkad Grama Panchayath



Legend

drains

ORDER_
- 1 (7)
- 2 (3)
- 3 (2)
- 4 (4)
- 5 (2)

Watershed Codes

code
- 21T11a
- 21T11c
- 21T12a
- 21T14a
- 21T17a
- WB

0 0.325 0.65 1.3 1.95 2.6 Kilometers

1.7 പഞ്ചായത്തിലെ ജല സ്രോതസ്സുകൾ സംബന്ധിച്ച വിവരങ്ങൾ

1.7.1 നീർച്ചാലുകൾ

ക്രമനമ്പർ	പേര്, സ്ഥലം	പൊതു/സ്വകാര്യം	ഉൾപ്പെടുന്ന വാർഡുകൾ
1	മാണിയത്ത് തോട്	പൊതു	1
2	സൂര്യഹോസ്പിറ്റൽ തോട്	പൊതു	1
3	ചന്ദ്രൻസ് തോട്	പൊതു	2
4	തണ്ണിക്കുറി തോട്	പൊതു	14
5	ഇരുട്ട് തോട്	പൊതു	6
6	ആരണ്യാഴി തോട്	പൊതു	8
7	വയ്യില തോട്	പൊതു	6
8	കൊടപ്പവയൽ തോട്	പൊതു	6
9	ഇന്ദിരാനഗർ തോട്	പൊതു	7
10	കുറ്റൂർ തോട്	പൊതു	7
11	കുറ്റൂർ കായൽതോട്	പൊതു	7
12	മുട്ടിക്കൽ തോട്	പൊതു	10
13	റെയിൽ തോട്	പൊതു	10
14	അണ്ടോടി തോട്	പൊതു	11
15	അരിപ്പാത്തോട്	പൊതു	12
16	തണ്ണിക്കുറി തോട്	പൊതു	12
17	കക്കിടി തോട്	പൊതു	14
18	ഹനുമാൻകാവ് തോട്	പൊതു	14
19	വെള്ളിയോട്ടിൽ തോട്	പൊതു	15
20	രാമനാലി തോട്	പൊതു	16

21	കുണ്ടൻ തോട്	പൊതു	17
22	ജാറം അയ്യപ്പങ്കാവ് തോട്	പൊതു	17
23	പൂകൈത തോട്	പൊതു	15,16
24	പൂകൈത-മങ്ങാട്ടിരി തോട്	പൊതു	18,19
25	തുളസിനഗർ തോട്	പൊതു	19
26	മഞ്ഞകൊടി തോട്	പൊതു	8
27	കുറ്റൂർ സൌത്ത് പല്ലാർ തോട്	പൊതു	8
28	കോട്ടത്തറ തോട്	പൊതു	12
29	മണ്ണാറാട് തോട്	പൊതു	14
30	കട്ടച്ചിറ തോട്	പൊതു	2
31	കഞ്ഞിക്കുഴി തോട്	പൊതു	4

1.7.2 കുളങ്ങൾ

ക്രമനമ്പർ	പേര്&സ്ഥലം	പൊതു/സ്വകാര്യം
1	നെടുങ്ങാട് കുളം	സ്വകാര്യം
2	പഴയടത്ത് അമ്പലകുളം	സ്വകാര്യം
3	പുതിയിടത് അമ്പലക്കുളം	സ്വകാര്യം
4	ഷാരത്ത് അമ്പലക്കുളം	സ്വകാര്യം
5	പണ്ടാറക്കുളം	പൊതു
6	അന്തിമഹാകാളൻ അമ്പലക്കുളം	സ്വകാര്യം
7	തിരുത്തുമ്മൽ കുളം	സ്വകാര്യം
8	കാളയിൽ കുളം	സ്വകാര്യം
9	ചെലാടത്തിൽ കുളം	സ്വകാര്യം
10	കണ്ണൻ കുളം	പൊതു
11	യാറു കുളം	പൊതു
12	അന്തിമഹാകാളൻ കുളം	
13	ചെലാടത്തിൽ പൊട്ടകുളം	സ്വകാര്യം

14	പാലകുളം	പൊതു
15	അമ്പലകുളം കുളം	സ്വകാര്യം
16	കുണ്ടനി കുളം	സ്വകാര്യം
17	കേച്ചേരി കുളം	സ്വകാര്യം
18	വളപ്പിൽ കുളം	സ്വകാര്യം
19	കുറ്റിക്കുളം	പൊതു
20	ടി.പി കുളം	സ്വകാര്യം
21	പള്ളിയാൽ കുളം	സ്വകാര്യം
22	ചെരപറമ്പിൽ കുളം	സ്വകാര്യം
23	പള്ളിക്കുളം	സ്വകാര്യം
24	പുൽപറമ്പത്ത് കുളം	സ്വകാര്യം
25	കുണ്ടുകുളം	സ്വകാര്യം
26	പുതുകയിൽ കുളം	സ്വകാര്യം
27	അയിനികുളം	സ്വകാര്യം
28	മാളിയേക്കൽ കുളം	സ്വകാര്യം
29	ചാത്തൻകുളം	സ്വകാര്യം
30	മേപ്പുറത്ത് കുളം	സ്വകാര്യം
31	പഞ്ചായത്ത് കുളം	പൊതു
32	കോട്ടത്തറ കുളം	പൊതു
33	ചിറക്കുളം	സ്വകാര്യം
34	മേലെ ചിറക്കുളം	സ്വകാര്യം
35	കുന്നത് കുളം	സ്വകാര്യം
36	കളപ്പാട്ടി ചിറകുളം	പൊതു
37	മങ്കുത്തി കുളം	സ്വകാര്യം
38	മനക്കൽ കുളം	സ്വകാര്യം
39	കല്ല് വെട്ടികുളം	സ്വകാര്യം
40	പുത്തൻകുളം	പൊതു
41	അന്തൻ കുളം	സ്വകാര്യം
42	പുഞ്ച കുളം	സ്വകാര്യം

43	മനക്കൽ കുളം	സ്വകാര്യം
44	അമ്പലപറമ്പ് കുളം	സ്വകാര്യം
45	കളത്തിൽ കുളം	സ്വകാര്യം
46	കഴുത്തറത്തൻ കാവ് കുളം	സ്വകാര്യം
47	അക്കരവീട്ടിൽ കുളം	സ്വകാര്യം
48	പുതുകുളം	സ്വകാര്യം
49	പള്ളിക്കുളം	സ്വകാര്യം
50	പിൻപുറത്ത് കുളം	സ്വകാര്യം
51	കണിമങ്ങാട്ട് കുളം	സ്വകാര്യം
52	മഠത്തിൽ കുളം	സ്വകാര്യം
53	ഇല്ലത്ത് കുളം	സ്വകാര്യം
54	കിഴക്കേ കുളം	സ്വകാര്യം
55	രാമൻ കുളം	പൊതു
56	വള്ളത്തൂർ കുളം	സ്വകാര്യം
57	കറുത്തേടത്ത് പറമ്പിൽ കുളം	സ്വകാര്യം
58	എടശ്ശേരി പറമ്പിൽ വടക്കേകുളം	സ്വകാര്യം
59	കാരിക്കോട്ട് കുളം	സ്വകാര്യം
60	പൂക്കൈത കുളം	പൊതു
61	കല്ലുപറമ്പിൽ കുളം	സ്വകാര്യം
62	കാട്ടിലെ കുളം	പൊതു

1.7.3കിണറുകൾ


ക്രമനമ്പർ	പേര്&സ്ഥലം	വാർഡുകൾ
1	പഞ്ചായത്ത് ഓഫീസ് കിണർ	5
2	സോഷ്യൽ വെൽഫെയർ കേന്ദ്രം കിണർ	2
3	വലിയ പറമ്പ് കിണർ	8
4	കളപ്പാട്ടു ചിറ കിണർ	12

5	ചാത്തൻ കുളം കിണർ	12
6	തലോൽ പറമ്പ് കിണർ	8
7	കാട്ടിൽ പടിഞ്ഞാർ കിണർ	11
8	അംബേദ്കർ കോളനി കിണർ	11
9	കോട്ടത്തറ സ്കൂൾ കിണർ	9
10	മാങ്ങാട്ടിരി സ്കൂൾ കിണർ	11
11	ജി.എൽ.പി സ്കൂൾ ബി.പി അങ്ങാടി കിണർ	10
12	ജി.എൽ.പി സ്കൂൾ തേക്കൻ കുറ്റൂർ കിണർ	10
13	ഗേൾസ് ഹൈസ്കൂൾ സ്കൂൾ	13

.1.8 വിവിധമാപ്പുകൾ


1.8.1 വരൾച്ച സാധ്യതപ്രദേശങ്ങൾ

ഒരു പ്രദേശത്തെ വരൾച്ചയുടെ സ്വഭാവത്തെ ഈ മാപ്പിൽ നിന്ന്മനസ്സിലാക്കാം. വരൾച്ചയെ 4 രീതിയിലാണ്തരം തിരിച്ചിരിക്കുന്നത് എന്ന്ലെജിൻഡ്സിൽ നിന്ന്മനസ്സിലാക്കാം.




1.8.2 സാറ്റലൈറ്റ്മാപ്പ്

ഈ തരത്തിലുള്ള മാപ്പുകൾ ആ പ്രദേശത്തെ ആകാശത്തിൽ വെച്ച് വീക്ഷിച്ചാൽ എങ്ങനെ ഇരിക്കും ആ രീതിയിൽ കാണാം. ഇതിൽ നിന്ന്ഭൂവിനിയോഗം, ജലസ്രോതസ്സുകൾ,റോഡുകൾ,കെട്ടിടങ്ങൾ തുടങ്ങിയവയെല്ലാം മനസ്സിലാക്കാനാവും.




1.8.3 ഭൂവിനിയോഗമാപ്പ്

2000ൽ ഒരുപ്രദേശത്ത് ഏതെല്ലാം ഭൂവിനിയോഗങ്ങളാണ് ഉണ്ടായിരുന്നത് എന്ന് ഇതിൽ കാണാൻ കഴിയും. ഏതെല്ലാം വിധമാണ്ഭൂവിനിയോഗങ്ങൾ എന്ന്താഴെ ലെജൻഡ്ബോക്സിൽ കൊടുത്തിരിക്കുന്നു.



1.8.4 പ്രളയബാധിത പ്രദേശങ്ങൾ

2019-ലെ വെള്ളപൊക്കം ഒരുപ്രദേശത്തെ എങ്ങനെ ബാധിച്ചിട്ടുണ്ട് എന്ന് ഈ മാപ്പ് വിശദീകരിക്കുന്നു. നീലകളറിൽ കൊടുത്തിരിക്കുന്ന പ്രദേശങ്ങളിൽ എല്ലാം വെള്ളം പൊങ്ങിയിട്ടുണ്ട്.



തലക്കാട് ഗ്രാമപഞ്ചായത്ത് മാതൃകാ ജലസംരക്ഷണ പ്രവർത്തനങ്ങൾ







നീരുറവ് പദ്ധതിയുടെ ഭാഗമായി തലക്കാട് ഗ്രാമപഞ്ചായത്തിൽ കട്ടച്ചിറ നീർത്തടത്തിൽ നീർച്ചാൽ നടത്തം സംഘടിപ്പിച്ചു

2. രീതിശാസ്ത്രം

വിശദമായ വിവരശേഖരണമാണ് ജലബജറ്റ് തയ്യാറാക്കുന്നതിലെ നിർണ്ണായകമായ പ്രവർത്തനം. നേരിട്ട് ശേഖരിച്ച പ്രാഥമിക വിവരങ്ങളോടൊപ്പംവിവിധ വകുപ്പുകൾ/ ഏജൻസികൾ ലഭ്യമാക്കിയ വിവരങ്ങളും ജല ബജറ്റ് തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനു പുറമേ കൃഷി വകുപ്പ്, ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ്, വിനോദ സഞ്ചാര വകുപ്പ്, വ്യവസായ വകുപ്പ്, ജല അതോറിറ്റി തുടങ്ങിയവ പ്രധാനപ്പെട്ട രേഖകൾ കൈമാറിയും കൂട്ടായ സാങ്കേതിക പരിശോധനകൾ നടത്തിയും ആവശ്യമായ തിരുത്തലുകളും വരുത്തിയും ഈ പ്രക്രിയയിൽ പങ്കാളികളായി.

2.1 സാങ്കേതിക സമിതി

ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ ഗ്രാമപഞ്ചായത്തുതല സാങ്കേതിക സമിതിയോടൊപ്പം സന്നദ്ധ പ്രവർത്തകരും ജലബജറ്റ് തയ്യാറാക്കുന്നതിന് ഗണ്യമായ സംഭാവന നൽകി.

നിലവിലുള്ള ഗ്രാമപഞ്ചായത്ത് സാങ്കേതിക സമിതിയുടെ ഘടന:-

1. വൈസ് ചെയർപേഴ്സൺ - പ്ലാനിംഗ് കമ്മിറ്റി
2. സി.ഡി.എസ്. അധ്യക്ഷ
3. ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി
4. കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത്
5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
6. അസി. എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത്
7. അസി. എഞ്ചിനീയർ/ഓവർസിയർ, തൊഴിലുറപ്പ്
8. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം
9. ജലസംരക്ഷണ മേഖലയിൽ വൈദഗ്ധ്യമുള്ള മൂന്നു പ്രമുഖർ
10. ജലസേചന വകുപ്പിൽ നിന്ന് നിയോഗിച്ചിട്ടുള്ള അസി. എഞ്ചിനീയർ (കൺവീനർ)
11. ചുമതലയുള്ള ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ

2.1.1 യോഗങ്ങൾ

സാങ്കേതിക സമിതി യോഗം ചേർന്ന് പ്രദേശത്തിന്റെ പ്രത്യേകതകൾ അവലോകനം ചെയ്തു. നേരത്തേ തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാൻ വിവര ശേഖരണത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ഉപയോഗപ്പെടുത്താൻ സാധിച്ചു. ഓരോ നീർത്തടത്തെ സംബന്ധിച്ചും വ്യക്തമായ ധാരണ ഇതിൽ നിന്ന് ലഭ്യമായി. നീർത്തടത്തിനകത്തെ വിവിധ വിഭവങ്ങളുടെ അവസ്ഥ, പ്രശ്നങ്ങൾ എന്നിവയും വിശകലനം ചെയ്തു. വിവിധ വിഭവ ഭൂപടങ്ങൾ പ്രദേശത്തിന്റെ പ്രത്യേകതകൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിനു സഹായിച്ചിട്ടുണ്ട്. ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് തന്നെ ബന്ധപ്പെട്ട സാങ്കേതിക സമിതി അംഗങ്ങൾക്ക് CWRDM ന്റെ സഹായത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജല ബജറ്റ് തയ്യാറാക്കുന്ന മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും അദ്ധ്യക്ഷൻ മാരുടെ ഒരു ശിൽപശാല സംഘടിപ്പിച്ച് ജല ബജറ്റ് തയ്യാറാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു.

2.2 വിവര വിശകലനവും ഉപയോഗപ്പെടുത്തലും

ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ നിലവാരം ഉറപ്പാക്കി ഇതുപയോഗിച്ച് ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള കൂടുതൽ വിശകലനങ്ങളിലേക്കു പോകുന്ന രീതിയാണ് അവലംബിച്ചത്. ലഭിക്കുന്ന വിവരങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുകയും മറ്റു സമാന വിവരങ്ങളുമായി താരതമ്യം ചെയ്തു കൃത്യത നിർണ്ണയിക്കുകയും ചെയ്യുന്നത് തയ്യാറാക്കുന്ന ജലബജറ്റ് കൃത്യതയുള്ളതാകുന്നതിന് സഹായിച്ചിട്ടുണ്ട്. സാങ്കേതിക മേഖലയിലെ വിദഗ്ധർ ഈ വിഷയത്തിൽ നിർണ്ണായക ഇടപെടൽ നടത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ജലസ്രോതസ്സുകൾ കണ്ടെത്തി അവയുടെ വിവരം ശേഖരിക്കുന്നതിന് പ്രാദേശിക പിന്തുണ ധാരാളമായി ലഭ്യമായി.

2.3 ജല തുല്യതാ (water balance) പഠനം

ജല തുല്യതാ പഠനം കൂടുതൽ എളുപ്പവും കൃത്യതയുള്ളതുമാക്കുവാൻ വിവരങ്ങൾ ഒരു 'എക്സൽ ഷീറ്റിൽ' രേഖപ്പെടുത്തി കണക്കുകൂട്ടൽ നടത്തുന്ന രീതിയാണ് അവലംബിച്ചത്. ഇതിനാവശ്യമുള്ള സമവാക്യങ്ങൾ എക്സൽ ഷീറ്റിൽ തയ്യാറാക്കുന്നതുമൂലം തെറ്റു സംഭവിക്കാനുള്ള സാധ്യത കുറഞ്ഞു. ഒപ്പം കണക്കുകൂട്ടലുകളിലെ സങ്കീർണ്ണതകൾ ഒഴിവാകുകയും ചെയ്തു. ഇത്തരത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ സാങ്കേതിക വിദഗ്ധർ വീണ്ടും പരിശോധിച്ച് കൃത്യത ഉറപ്പാക്കിയിട്ടുമുണ്ട്.

2.4 ജല ലഭ്യത

2.4.1 മഴ ലഭ്യത

മഴ ലഭ്യതയാണ് പ്രധാന ജലസ്രോതസ്സ്. ഒരു വർഷത്തെ ആകെ മഴ ലഭ്യതയോ ഒരു മഴക്കാലത്തെ ലഭ്യതയോ കണക്കാക്കുന്നതിനു പകരം ഓരോ ദിവസത്തെയും മഴ ലഭ്യതയാണ് ജലതുല്യതാ പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. ജലസേചന വകുപ്പിന്റെ ഹൈഡ്രോളജി വിഭാഗത്തിൽ നിന്നും ലഭ്യമായവിവരങ്ങളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. തുടർച്ചയായ 10 വർഷങ്ങളിലെ വിവരങ്ങളാണ് മഴ ലഭ്യത കണക്കാക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ളത്. 'അരിത്ത്മെറ്റിക് മീൻ' രീതി ഉപയോഗിച്ചാണ് മഴ ലഭ്യത കണക്കാക്കുന്നത്.

$$A = \frac{1}{n} * \sum_{i=1}^{n} x_i$$

A = ശരാശരി വർഷപാതം
n = സംജ്ഞകളുടെ എണ്ണം (ഉദാ. ശരാശരി കണ്ടെത്തുന്ന ഇനങ്ങൾ അഥവാ എണ്ണങ്ങൾ)
xi = ശരാശരി കണ്ടെത്താൻ ഉപയോഗിക്കുന്ന സംഖ്യകളിലെ ഓരോ ഇനത്തിന്റെയും വില
ദിവസേനയുള്ള മഴയുടെ വിവരം ശേഖരിച്ച് ഓരോ മാസത്തെയും 10 ദിവസങ്ങളിൽ ലഭ്യമാകുന്ന ആകെ മഴ കണക്കാക്കിയശേഷം ഓരോ വർഷത്തെയും ഓരോ മാസങ്ങളിലേയും ഓരോ 10 ദിവസങ്ങളിലും ലഭ്യമാകുന്ന ആകെ മഴയും അതിൽ നിന്നും 10

വർഷങ്ങളിലായി ഈ 10 ദിവസങ്ങളിൽ ലഭ്യമായ ശരാശരി മഴയും ആണ് കണക്കാക്കിയിട്ടുള്ളത്. (വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2.4.2 ഉപരിതല ജല ലഭ്യത

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ഉപരിതല ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.
ആകെ ജല ലഭ്യത Q = C x A x R

A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി
R = 10 ദിവസത്തെ ആകെ വർഷപാതം - മീറ്ററിൽ (10 വർഷത്തെ ശരാശരി)
C = പ്രവാഹ സ്ഥിരാങ്കം (Runoff Coefficient)
ഭൂവിനിയോഗത്തെ അടിസ്ഥാനപ്പെടുത്തിയുള്ള C യുടെ വില പട്ടിക-1 ൽ നൽകിയിരിക്കുന്നു (അതിൽ നിന്നും ആകെ പ്രവാഹ സ്ഥിരാങ്കം താഴെപ്പറയുന്ന രീതിയിൽ ആണ് കണ്ടെത്തുന്നത്.)

പട്ടിക - 1
പ്രവാഹ സ്ഥിരാങ്കം (Runoff coefficient C)

സസ്യങ്ങളുടെ തരം (Type of vegetation)	**പ്രവാഹ സ്ഥിരാങ്കം (Runoff coefficient C)**
വൃക്ഷങ്ങളും വനങ്ങളും (Woodland and forests)	0.30 - 0.50
പുൽമേടുകൾ (Grassland)	0.30 - 0.42
കൃഷി ഭൂമി (Agricultural Land)	0.50 - 0.72
നഗര സ്വഭാവമുള്ള ഭൂപ്രദേശം (Urban Land)	0.60 - 0.80

ആകെ പ്രവാഹ സ്ഥിരാങ്കം

$$C = \frac{(C_F X A_F) + (C_A X A_A) + (C_B X A_B) + \dots + (C_I X A_I)}{A}$$

A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി
C_F = വനത്തിന്റെ പ്രവാഹ സ്ഥിരാങ്കം
A_F = വനത്തിന്റെ ആകെ വിസ്തൃതി
C_A = കാർഷിക ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം
A_A= കാർഷിക ഭൂമിയുടെ ആകെ വിസ്തൃതി
C_B = പാർപ്പിടാവശ്യനുപയോഗിക്കുന്ന ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം
A_B= പാർപ്പിടാവശ്യനുപയോഗിക്കുന്ന ഭൂമിയുടെ ആകെ വിസ്തൃതി
C_I= വാണിജ്യാവശ്യങ്ങൾ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്കെല്ലാമുള്ള ഭൂമിയുടെ പ്രവാഹ സ്ഥിരാങ്കം
A_I= വാണിജ്യാവശ്യങ്ങൾ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്കെല്ലാമുള്ള ഭൂമിയുടെ ആകെ വിസ്തൃതി

(മുകളിലെ പട്ടികയിൽ ഓരോ തരം ഭൂമിയുടേയും നേരെ കൊടുത്തിട്ടുള്ള സ്ഥിരാങ്കത്തിന്റെ ശരാശരി സംഖ്യയാണ് എടുത്തിട്ടുള്ളത്, ഇതിൽ പാർപ്പിട, വാണിജ്യ ആവശ്യങ്ങൾക്കുള്ള നീരൊഴുക്ക് സ്ഥിരാങ്കം നഗര സ്വഭാവമുള്ള ഭൂപ്രദേശത്തിന്റേതുമാണ് എടുത്തിട്ടുള്ളത്.)

വനപ്രദേശത്തെ സസ്യ - ജീവജാലങ്ങൾ, ജലസേചനം ചെയ്യാത്ത കൃഷിവിളകളും മറ്റു സസ്യങ്ങളും പാരിസ്ഥിതിക ആവശ്യങ്ങൾ എന്നിവയുടെ ജല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആകെ ജല ലഭ്യതയുടെ 50 % മാറ്റിവച്ചിരിക്കുന്നു.
അതിനാൽ ആദ്യത്തെ 10 ദിവസം ലഭ്യമായ ഉപരിതല ജലം = ആകെ ജല ലഭ്യത /2 എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്.

2.4.3 ഭൂജല ജല ലഭ്യത കണക്കാക്കൽ

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ഭൂജല ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.

ആകെ ഭൂജല ജല റീചാർജ്ജിംഗ് = 0.06 X A X R
A = ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി
R = 10 ദിവസത്തെ ആകെ വർഷപാതം - മീറ്ററിൽ (10 വർഷത്തെ ശരാശരി)
ആകെ ഭൂജല ജല റീചാർജ്ജിംഗിന്റെ 90 % നമുക്ക് ഉപയോഗിക്കാനാകും
അതിനാൽ ആദ്യത്തെ 10 ദിവസം ലഭ്യമായ ഭൂജലം
= ആകെ ഭൂജല ജല റീചാർജ്ജിംഗ് X 0.9

2.4.4 ഗ്രാമപഞ്ചായത്തിന് അകത്തേയ്ക്കും പുറത്തേയക്കുമുള്ള ജല വിതരണം

ഗ്രാമപഞ്ചായത്തിനകത്തേയ്ക്ക് ഗ്രാമപഞ്ചായത്തിനു പുറത്തുള്ള ജലസേചന പദ്ധതികളിൽ നിന്നോ കുടിവെള്ളപദ്ധതികളിൽ നിന്നോ ജലം ലഭ്യമാകുന്നുണ്ടോയെന്ന വിവരവും ഇവിടെനിന്നും പുറത്തേയ്ക്ക് ഏതെങ്കിലും ജലസേചന പദ്ധതിയുടെയോ കുടിവെള്ള പദ്ധതിയുടേയോ ഭാഗമായി വെള്ളം ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും കൂടി ജല ലഭ്യത കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടുണ്ട്.

2.4.5 ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം

താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് 10 ദിവസത്തെ ആകെ ജല ലഭ്യത കണക്കാക്കിയിട്ടുള്ളത്.
ആദ്യത്തെ 10 ദിവസം ലഭ്യമായ ആകെ ജലം = USR+UGW +(Import-Export)

USR = ആദ്യത്തെ 10 ദിവസം ലഭ്യമായ ഉപരിതല ജലം
UGW =ആദ്യത്തെ 10 ദിവസം ലഭ്യമായ ഭൂജലം
Import =വിവിധ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിനകത്തേയ്ക്ക് ലഭ്യമായ ജലം
Export =വിവിധ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിന്നും പുറത്തയ്ക്ക് ലഭ്യമാക്കിയ ജലം
ഇത്തരത്തിൽ ഓരോ 10 ദിവസത്തേയും ജല ലഭ്യത കണക്കായിട്ടുണ്ട്.

2.5 ജല ആവശ്യം

2.5.1 ഗാർഹിക ആവശ്യം

ഗാർഹിക ആവശ്യങ്ങൾക്കുള്ള ജലത്തിന്റെ കണക്കിൽ ഒരാൾക്ക് ഒരു ദിവസത്തേക്ക് 135 ലിറ്റർ ജലം(IS Code IS:1172:1993) എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്

2.5.2 കാർഷിക ജല ആവശ്യകത

ഇതിനാവശ്യമായ വിവരങ്ങൾ കൃഷിഭവനിൽനിന്നുമാണ് ശേഖരിച്ചിട്ടുള്ളത്. നിലവിൽ ജലസേചന സൗകര്യമുള്ള പ്രദേശങ്ങളുടെ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. ചില വിളകൾക്കൊഴിച്ച് ബാക്കിയുള്ളതിനെല്ലാം അകെ വിള വിസ്തൃതിയുടെ പരമാവധി 20 ശതമാനത്തിൽ അധികരിക്കാത്ത രീതിയിലാണ് ജലസേചന ആവശ്യം കണക്കാക്കിയിട്ടുള്ളത്.

താഴെ പറയുന്ന രീതിയിലാണ് ജലസേചന ആവശ്യം കണക്കാക്കിയിട്ടുള്ളത്.

ജലസേചന ആവശ്യം = $\frac{CA \times ETc}{}$

Efficiency (μ)

C_A = കാർഷിക ഭൂമിയുടെ ആകെ വിസ്തൃതി

ET_c= Crop Evapotranspiration

μ = കാര്യക്ഷമത

(μ = ഉപരിതലം 50%, സ്പ്രിങ്ക്ളർ 60%, ഡ്രിപ്70%)

$ET_c = ET_0 \times K_c$

ET_0 = Evapotranspiration

K_c = വിളസ്ഥിരാങ്കം (Crop coefficient)

Reference crop Evapotranspiration (ET_0) for different agro-ecological units (mm/decade)

മാസം	ദശദിനം	ET_0
ജൂൺ	1	38
	2	35
	3	35
ജൂലൈ	1	35
	2	35
	3	35
ആഗസ്റ്റ്	1	35
	2	36
	3	37
സെപ്തംബർ	1	37

	2	38
	3	40
ഒക്ടോബർ	1	39
	2	38
	3	38
നവംബർ	1	38
	2	37
	3	37
ഡിസംബർ	1	36
	2	36
	3	38
ജനുവരി	1	38
	2	40
	3	41
ഫെബ്രുവരി	1	45
	2	49
	3	52
മാർച്ച്	1	53
	2	52
	3	48
ഏപ്രിൽ	1	49
	2	47
	3	46
മെയ്	1	44
	2	43
	3	40

വിവിധ വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient – Kc)

വാർഷിക/സീസണൽ വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient - Kc)

ക്രമ നമ്പർ	വിള	വിള ഗുണകം (Kc)			അവലംബം
		ആദ്യഘട്ടം	മധ്യഘട്ടം	അവസാന ഘട്ടം	
1	നെല്ല്	1.1	1.3	1.05	FAO (1998)
2	മരച്ചീനി	0.3	0.8	0.3	
3	പച്ചക്കറികൾ	0.5	1	0.8	
4	വാഴ	0.5	1.1	1	
5	മുളക്	0.6	1.05	0.9	

സ്ഥിരം വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient - Kc)

ക്രമ നമ്പർ	വിള	വിളസ്ഥിരാങ്കം (Kc)	അവലംബം
1	തെങ്ങ്	0.75	CPCRI (1967)
2	കമുക്	0.94	CPCRI (1982)
3	മാവ്	0.9	FAO (1998)
4	കുരുമുളക്	0.7	CWRDM (1997)

മിശ്ര വിളകളുടെ വിളസ്ഥിരാങ്കം (Crop coefficient - Kc)

ക്രമ നമ്പർ	വിള	വിളസ്ഥിരാങ്കം (Kc)	അവലംബം
1	തെങ്ങ് (തെങ്ങ് - കമുക് - കുരുമുളക്)	0.78	CWRDM (1997)
2	കമുക് (തെങ്ങ് - കമുക് - കുരുമുളക്)	0.36	
3	കുരുമുളക് (തെങ്ങ് - കമുക് - കുരുമുളക്)	0.07	
4	ജാതി (തെങ്ങ് - ജാതി)	0.87	
5	തെങ്ങ് (തെങ്ങ് - ജാതി)	0.83	

മുകളിൽ പറഞ്ഞ രീതിയിൽ ഓരോ 10 ദിവസത്തേയ്ക്കും ഓരോ വിളകൾക്കും വേണ്ട ജല ആവശ്യം കണ്ടുപിടിച്ച ശേഷം അവയെല്ലാം ഒന്നിച്ച് കൂട്ടി കൃഷി ആവശ്യത്തിനായി ഓരോ 10 ദിവസത്തേയ്ക്കും ആകെ വേണ്ട ജലത്തിന്റെ അളവ് കണക്കാക്കിയിരിക്കുന്നു.

2.5.3 വ്യവസായ, വാണിജ്യ സ്ഥാപനങ്ങളിലെ ജല ആവശ്യകത

വ്യവസായ, വാണിജ്യ സ്ഥാപനങ്ങളെ ജല ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തരം തിരിച്ച്, ഓരോ ഗ്രൂപ്പിലേയും ഒരു സ്ഥാപനത്തിനു വേണ്ട ജലവും എണ്ണവും തമ്മിൽ ഗുണിച്ച്, അവയുടെ ആകെ തുകയാണ് ആകെ ജല ആവശ്യമായി എടുത്തിട്ടുള്ളത്.

2.5.4 വിനോദ സഞ്ചാര മേഖലയിലെ ജല ആവശ്യകത

വിനോദ സഞ്ചാര മേഖലയിൽ ഓരോ 10 ദിവസവും പഞ്ചായത്തിലെത്തുന്ന ആകെ വിനോദ സഞ്ചാരികളുടെ എണ്ണം കണ്ടെത്തി ആ എണ്ണത്തിനനുസരണമായി ജല ആവശ്യം കണക്കാക്കിയിട്ടുള്ളത്.

2.5.5 ആകെ ജല ആവശ്യം

ആകെ ജല ആവശ്യം = ആകെ ഗാർഹിക ആവശ്യം + ആകെ കാർഷിക ആവശ്യം + ആകെ വ്യാപാര ആവശ്യം + ആകെ വ്യവസായ ആവശ്യം + ആകെ വിനോദ സഞ്ചാര ആവശ്യം എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്.

2.6 ജല ബജറ്റ്

ഇത്തരത്തിൽ ഓരോ 10 ദിവസത്തേയും ആകെ ജല ലഭ്യതയും ആകെ ജല ആവശ്യവും കണക്കാക്കിയ ശേഷം ഇവയെ താരതമ്യം ചെയ്ത് ജല മിച്ചമാണോ ജല കമ്മിയാണോ എന്ന് കണ്ടെത്തിയാണ് ഈ ജല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

2.7 തുടർ പ്രവർത്തനങ്ങൾ

ജല ബജറ്റിലെ കണ്ടെത്തലുകൾ ബ്ലോക്ക് പഞ്ചായത്തു തലത്തിലും ഗ്രാമ പഞ്ചായത്തു തലത്തിലും വിപുലമായ കൺവെൻഷനുകൾ വിളിച്ച് ചേർത്ത സജീവമായ ചർച്ചകൾക്ക് വിധേയമാക്കുകയും അവിടെ ലഭിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട്, ജല മേഖലയിൽ തുടർന്നു നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു ഹ്രസ്വ വിവരണം കൂടി റിപ്പോർട്ടിന്റെ അവസാനമായി ചേർത്തിട്ടുണ്ട്.

3. ജലബജറ്റ്

3.1. പൊതുവിവരങ്ങൾ

ജലബഡ്ജറ്റ് - വിവര ശേഖരണം		
	പഞ്ചായത്തിൻറെ പേര്	തലക്കാട് ഗ്രാമപഞ്ചായത്ത്
	വിസ്തീർണ്ണം (ചതുരശ്ര കിലോമീറ്ററിൽ)	16.3
	ജനസംഖ്യ (തദ്ദേശ വാസികൾ)	35820
	ജനസംഖ്യ (അതിഥി തൊഴിലാളികൾ)	395
	ഭൂവിനിയോഗം	
1	വനം (ചതുരശ്ര കിലോമീറ്ററിൽ)	0
2	കൃഷിഭൂമി (ചതുരശ്ര കിലോമീറ്ററിൽ)	14.155
3	ജനവാസമേഖല (ചതുരശ്ര കിലോമീറ്ററിൽ)	1.145
4	വ്യാവസായികം (ചതുരശ്ര കിലോമീറ്ററിൽ)	0.85
5	ഉപയോഗപ്രദമല്ലാത്ത തരിശ്/പാറ (ചതുരശ്ര കിലോമീറ്ററിൽ)	0
6	കൃഷിയോഗ്യമായ തരിശ് (ചതുരശ്ര കിലോമീറ്ററിൽ)	0.15
7	മറ്റുള്ളവ (ചതുരശ്ര കിലോമീറ്ററിൽ)	0

3.2.ജലലഭ്യതാവിവരങ്ങൾ

3.2.1 മഴയുടെ വിവരം

ശരാശരി വർഷാപാതം (മി. മി)

മാസം	ദശദിനം	2010	2011	2012	2013	2014	2015	2016	2017	2018	2019	ശരാശരി
ജൂൺ	ആദ്യത്തെ പത്തുദിവസം	48	608	144.4	245.6	121.2	122	372.8	161	256	144.4	222.34
	രണ്ടാമത്തെ പത്തുദിവസം	460.6	246.6	248.4	515.4	166.4	176.2	116.8	168.4	306	201.2	260.6
	അവസാനത്തെ പത്തുദിവസം	340.4	192.2	181.2	295.8	80.4	307.8	153	302.2	170	111.2	213.42
ജൂലൈ	ആദ്യത്തെ പത്തുദിവസം	144.4	104.4	248	343.4	145.6	108.4	167.4	178.6	86.4	176.6	170.32
	രണ്ടാമത്തെ പത്തുദിവസം	204.6	275.6	62.2	229.4	361	193.4	132	189.6	424.6	208.2	228.06
	അവസാനത്തെ പത്തുദിവസം	280.6	192.2	91	273.4	303.4	100	85	82	185.8	199.4	179.28
ആഗസ്റ്റ്	ആദ്യത്തെ പത്തുദിവസം	90.2	216.4	82.2	222.4	405.4	92	63.4	121.4	114.4	351.4	175.92
	രണ്ടാമത്തെ പത്തുദിവസം	114.6	133	156.6	55	27	30.6	13.6	84.2	364.4	200.4	117.94
	അവസാനത്തെ പത്തുദിവസം	103.6	123.6	159.2	49.8	276.4	30.4	0	255.8	39.2	203.4	124.14
സെപ്തംബർ	ആദ്യത്തെ പത്തുദിവസം	63	357.4	159.2	62.2	143.2	117.2	9.4	19.4	2.1	211.4	114.45
	രണ്ടാമത്തെ പത്തുദിവസം	80.2	117	48.2	101.6	5.8	102.6	55.4	259.2	0	41.8	81.18
	അവസാനത്തെ പത്തുദിവസം	168	46.2	0	23	13.8	30.4	5.6	164.6	28.2	30.2	51
ഒക്ടോബർ	ആദ്യത്തെ പത്തുദിവസം	45.4	0	17.4	75	140.8	358.4	0	92.6	84.2	63	87.68
	രണ്ടാമത്തെ പത്തുദിവസം	225.4	29.2	20.6	51.4	190.4	52.2	9.4	126	121.4	218.8	104.48

	അവസാനത്തെ പത്തുദിവസം	121.4	99.6	5.6	75.6	210	24.8	1.8	30.8	0	254.6	82.42
നവംബർ	ആദ്യത്തെ പത്തുദിവസം	83.4	79.8	26	144.4	35.4	48.2	0	38.4	6.6	65	52.72
	രണ്ടാമത്തെ പത്തുദിവസം	125.4	0	6.8	34	47.6	0.2	0	0	2.4	68.8	28.52
	അവസാനത്തെ പത്തുദിവസം	106.2	4.2	0	139.8	2.6	23	0	44.6	12.8	56.8	39
ഡിസംബർ	ആദ്യത്തെ പത്തുദിവസം	29.4	0	0	10.4	0	0	1.8	69.8	0	2.6	11.4
	രണ്ടാമത്തെ പത്തുദിവസം	39	0.8	0	0	0	9.6	12	0	0	0	6.14
	അവസാനത്തെ പത്തുദിവസം	0	0	4.4	0	10	0	0	0	42.6	0.2	5.72
ജനുവരി	ആദ്യത്തെ പത്തുദിവസം	16	0	0	0	0	0	0	0	0	0	1.6
	രണ്ടാമത്തെ പത്തുദിവസം	0	0	0	0	0	0	0	0	0	0	0
	അവസാനത്തെ പത്തുദിവസം	0	0	0	0	0	0	0	0	0	0	0
ഫെബ്രുവരി	ആദ്യത്തെ പത്തുദിവസം	0	0	0	0	0	0	0	27.6	0	0	2.76
	രണ്ടാമത്തെ പത്തുദിവസം	0	36	29.8	0	0	0	0	0	0	0	6.58
	അവസാനത്തെ പത്തുദിവസം	15.2	0	0	0	0	0	0	0	0	0	1.52
മാർച്ച്	ആദ്യത്തെ പത്തുദിവസം	0	0	18.2	0	11	0	103.6	0	0	5.6	13.84
	രണ്ടാമത്തെ പത്തുദിവസം	0	0	9.8	0	24.2	0	10	8.2	0	0	5.22
	അവസാനത്തെ പത്തുദിവസം	10.4	0	0	0	0	0	0	0	0	7.2	1.76
ഏപ്രിൽ	ആദ്യത്തെ പത്തുദിവസം	36.4	12.4	0	0	3	0	1	26	0	8.4	8.72
	രണ്ടാമത്തെ പത്തുദിവസ	58.4	10.6	0	6	77.8	0	0	35	3.4	0	19.12
	അവസാനത്തെ പത്തുദിവസം	85.4	45.4	0	0	101.8	0	20.2	3.4	26	7.4	28.96
മെയ്	ആദ്യത്തെ പത്തുദിവസം	16.2	9.8	0	178.6	0	9.8	20.6	123.6	0.8	57.8	41.72

	രണ്ടാമത്തെ പത്തുദിവസം	15.4	11.2	0	6.6	43.8	80.2	80.4	30.6	0.2	49.6	31.8
	അവസാനത്തെ പത്തുദിവസം	114.2	13.8	55.6	24	48	119.2	109.6	181.2	51	23.8	74.04

3.2.2 പഞ്ചായത്തിനകത്തേക്കുള്ളജലവിതരണം

മാസം	അകത്തേയ്ക്ക്			
	ദശദിനം	മാർഗ്ഗം	അളവ്	ആകെ
ജൂൺ	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
ജൂലൈ	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
ആഗസ്റ്റ്	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462

	അവസാനത്തെപത്തുദിവസം	KWA	8462	0.008462
സെപ്തംബർ	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
ഒക്ടോബർ	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
നവംബർ	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
ഡിസംബർ	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
ജനുവരി	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462

	അവസാനത്തെപത്തുദിവസം	KWA	8462	0.008462
ഫെബ്രുവരി	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
മാർച്ച്	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
ഏപ്രിൽ	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462
മെയ്	ആദ്യത്തെപത്തുദിവസം	KWA	8462	0.008462
	രണ്ടാമത്തെപത്തുദിവസം	KWA	8462	0.008462
	അവസാനത്തെപത്തുദിവസം	KWA	8462	0.008462

3.2.3 ആകെജലലഭ്യത

മാസം	ദശദിനം	ഉപരിതല ജല ലഭ്യത	ഭൂജല ജല ലഭ്യത	അകത്തേക്കും പുറത്തേക്കും	ആകെ ജല ലഭ്യത
ജൂൺ	ആദ്യത്തെ പത്തുദിവസം	1126564.541	195703.668	8462	1330730
	രണ്ടാമത്തെ പത്തുദിവസം	1320422.413	229380.12	8462	1558265
	അവസാനത്തെ പത്തുദിവസം	1081368.194	187852.284	8462	1277682
ജൂലൈ	ആദ്യത്തെ പത്തുദിവസം	862986.7436	149915.664	8462	1021364
	രണ്ടാമത്തെ പത്തുദിവസം	1155546.951	200738.412	8462	1364747
	അവസാനത്തെ പത്തുദിവസം	908385.7644	157802.256	8462	1074650
ആഗസ്റ്റ്	ആദ്യത്തെ പത്തുദിവസം	891361.1316	154844.784	8462	1054668
	രണ്ടാമത്തെ പത്തുദിവസം	597584.8787	103810.788	8462	709858
	അവസാനത്തെ പത്തുദിവസം	628999.3797	109268.028	8462	746729
സെപ്തംബർ	ആദ്യത്തെ പത്തുദിവസം	579901.5548	100738.89	8462	689102
	രണ്ടാമത്തെ പത്തുദിവസം	411327.2889	71454.636	8462	491244
	അവസാനത്തെ പത്തുദിവസം	258409.605	44890.2	8462	311762
ഒക്ടോബർ	ആദ്യത്തെ പത്തുദിവസം	444261.8464	77175.936	8462	529900
	രണ്ടാമത്തെ പത്തുദിവസം	529385.0104	91963.296	8462	629810
	അവസാനത്തെ പത്തുദിവസം	417610.1891	72546.084	8462	498618
നവംബർ	ആദ്യത്തെ പത്തുദിവസം	267124.5956	46404.144	8462	321991
	രണ്ടാമത്തെ പത്തുദിവസം	144506.7046	25103.304	8462	178072
	അവസാനത്തെ പത്തുദിവസം	197607.345	34327.8	8462	240397
ഡിസംബർ	ആദ്യത്തെ പത്തുദിവസം	57762.147	10034.28	8462	76258
	രണ്ടാമത്തെ പത്തുദിവസം	31110.4897	5404.428	8462	44977
	അവസാനത്തെ	28982.4106	5034.744	8462	42479

	പത്തുദിവസം				
ജനുവരി	ആദ്യത്തെ പത്തുദിവസം	8106.968	1408.32	8462	17977
	രണ്ടാമത്തെ പത്തുദിവസം	0	0	8462	8462
	അവസാനത്തെ പത്തുദിവസം	0	0	8462	8462
ഫെബ്രുവരി	ആദ്യത്തെ പത്തുദിവസം	13984.5198	2429.352	8462	24876
	രണ്ടാമത്തെ പത്തുദിവസം	33339.9059	5791.716	8462	47594
	അവസാനത്തെ പത്തുദിവസം	7701.6196	1337.904	8462	17502
മാർച്ച്	ആദ്യത്തെ പത്തുദിവസം	70125.2732	12181.968	8462	90769
	രണ്ടാമത്തെ പത്തുദിവസം	26448.9831	4594.644	8462	39506
	അവസാനത്തെ പത്തുദിവസം	8917.6648	1549.152	8462	18929
ഏപ്രിൽ	ആദ്യത്തെ പത്തുദിവസം	44182.9756	7675.344	8462	60320
	രണ്ടാമത്തെ പത്തുദിവസം	96878.2676	16829.424	8462	122170
	അവസാനത്തെ പത്തുദിവസം	146736.1208	25490.592	8462	180689
മെയ്	ആദ്യത്തെ പത്തുദിവസം	211389.1906	36721.944	8462	256573
	രണ്ടാമത്തെ പത്തുദിവസം	161125.989	27990.36	8462	197578
	അവസാനത്തെ പത്തുദിവസം	375149.9442	65170.008	8462	448782

3.3 ജലആവശ്യവിവരങ്ങൾ

3.3.1 ഗാർഹികം

ജനസംഖ്യ	പ്രതിദിന ആവശ്യം(ലി)	10 ദിവസ ആവശ്യം (ഘന മീറ്റർ)
33215	135	44840.25

3.3.2 വാണിജ്യസ്ഥാപനങ്ങൾ

SL.NO	സ്ഥാപനം	എണ്ണം
1	ജലആവശ്യം 10 ലി - 100 ലി	0
2	ജലആവശ്യം 101 ലി - 200 ലി	17
3	ജലആവശ്യം 201 ലി - 500 ലി	20
4	ജലആവശ്യം 501 ലി - 1000 ലി	11
5	ജലആവശ്യം 1001 ലി - 2000 ലി	0
6	ജലആവശ്യം 2001 ലി - 5000 ലി	0
7	ജലആവശ്യം 5001 ലി - 10000 ലി	0

3.3.3 കൃഷിആവശ്യം

നമ്പർ	വിള	നിലവിലെകൃഷി (ഹെക്ടറിൽ)		
		ആകെ	ജലസേചനംചെയ്യുന്നത്	പുതുതായി ജലസേചനംവേണ്ടത്
സീസണൽവിളകൾ				
1	നെല്ല് (ഒരിപ്പൂ)			
2	നെല്ല് (ഇരിപ്പൂ)	65	65	
3	നെല്ല് (മൂന്നാംവിള)			
4	മരച്ചീനി	2	2	
5	പച്ചക്കറികൾ	1	1	
6	വാഴ	10	6	
7	മുളക്			
8	ഇഞ്ചി			
മറ്റുവിളകൾ				
9	മഞ്ഞൾ	1	1	
10	വെറ്റില	5	5	
11	കശുമാവ്	0.5	0.5	
സ്ഥിരംവിളകൾ				
12	തെങ്ങ്	1250	800	
13	കമുക്	50	40	
14	മാവ്			
15	കുരുമുളക്	15	15	

16	റബ്ബർ			
17	കാപ്പി			
മറ്റുവിളകൾ				
18	**കിഴങ്ങുവർഗ്ഗങ്ങൾ**	**1**	**1**	
19	**പഴവർഗ്ഗങ്ങൾ**	**15**	**8**	

3.3.4 മൃഗസംരക്ഷണം

ക്രമ നമ്പർ	ഇനം	എണ്ണം
1	പശു/കാള	670
2	എരുമ	290
3	ആട്	1660
4	പന്നി	0
5	പട്ടി	133
6	മുയൽ	0
7	കോഴി	23348
8	താറാവ്	1980

3.3.5 വ്യാവസായികം

ക്രമ നമ്പർ	ജലആവശ്യം	എണ്ണം
1	ജലആവശ്യം 10 ലി - 200 ലി	0
2	ജലആവശ്യം 201 ലി - 1000 ലി	8
3	ജലആവശ്യം 1001 ലി - 5000 ലി	5
4	ജലആവശ്യം 5001 ലി - 10000 ലി	3

3.3.6 പൊതുസ്ഥാപനങ്ങൾ (ഓഫീസുകൾ, സ്കൂളുകൾ മുതലായവ)

ക്രമ നമ്പർ	ജലആവശ്യം	എണ്ണം
1	ജലആവശ്യം 10 ലി - 200 ലി	43
2	ജലആവശ്യം 201 ലി - 1000 ലി	14
3	ജലആവശ്യം 1001 ലി - 5000 ലി	8
4	ജലആവശ്യം 5001 ലി - 10000 ലി	0

3.3.7 സ്വകാര്യ സ്ഥാപനങ്ങൾ (ആഡിറ്റോറിയങ്ങൾ ഉൾപ്പെടെയുള്ള മറ്റുസ്ഥാപനങ്ങൾ)

ക്രമ നമ്പർ	ജലആവശ്യം	എണ്ണം
1	ജലആവശ്യം 10 ലി - 200 ലി	13
2	ജലആവശ്യം 201 ലി - 1000 ലി	28
3	ജലആവശ്യം 1001 ലി - 5000 ലി	27
4	ജല ആവശ്യം 5001 ലി – 10000 ലി	5
5	ജല ആവശ്യം 10001 ലി – 20000 ലി	12


ജല ബജറ്റ്

മാസം	ദശദിനം	ജല ആവശ്യം								
		ഗാർഹികം	വാണിജ്യം	കൃഷി	മൃഗ സംരക്ഷണം	വ്യവസായം	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	വിനോദ സഞ്ചാരം	ആകെ
ജൂൺ	ആദ്യത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
	രണ്ടാമത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
	അവസാനത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
ജൂലൈ	ആദ്യത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
	രണ്ടാമത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
	അവസാനത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
ആഗസ്റ്റ്	ആദ്യത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
	രണ്ടാമത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
	അവസാനത്തെ പത്തുദിവസം	44840.25	178	0	2482.541	423	367	3166	0	51456.791
സെപ്തംബർ	ആദ്യത്തെ പത്തുദിവസം	44840.25	178	27528	2482.541	423	367	3166	0	78984.791
	രണ്ടാമത്തെ പത്തുദിവസം	44840.25	178	28272	2482.541	423	367	3166	0	79728.791
